PENCIL

Process Ensuring for Natural Classroom Interaction and Learning

DIET MALAPPURAM

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണ രേഖ (കരട്)

| ക്ലാസ് : 3 | യൂണിറ്റ് 2 – മാനത്തിന്റെ മടിത്തട്ടിൽ | മൊഡ്യൂൾ 1. തുറന്നുവിട്ട തത്ത |
|---|---|---|

| | |
|---|---|
| ആമുഖം | പ്രശസ്ത പക്ഷിനിരീക്ഷകനായ സി.റഹീം രചിച്ച വീട്ടുവളപ്പിലെ പക്ഷികൾ എന്നപുസ്തകത്തിൽ നിന്നെടുത്തതാണ് തുറന്നുവിട്ട തത്ത എന്ന പാഠം. തത്തയെ കൂട്ടിലടച്ച് വളർത്തി സംസാരിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും ,കൂടുതുറന്ന് സ്വാതന്ത്ര്യത്തിലേക്ക് പറന്നുപോയ തത്തക്കുഞ്ഞും ഹൃദ്യമായ വായനാനുഭവം. കഥ, വിവരണം എന്നിവ പ്രധാന വ്യവഹാര രൂപവും, പ്രാദേശിക ഭാഷ, ഭാഷാപ്രയോഗങ്ങൾ തുടങ്ങിയ ഭാഷാവസ്തുതകളും ഇതിൽ അനുഭവങ്ങളാകുന്നു.കലാപ്രവൃത്തി പരിചയസാധ്യതകളും ഈ പാഠത്തിന്റെ ഭാഗമായി വരുന്നുണ്ട്. |
| ആശയം | എല്ലാജീവികളും സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ആഗ്രഹക്കുന്നു. ഒരാശയം വ്യത്യസ്ഥ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കാൻ കഴിയും.<br>നമുക്കുചുറ്റും വ്യത്യസ്ഥ ഇനം പക്ഷികളുണ്ട്.<br>പക്ഷികൾ കഥാപാത്രമായ രചനകളുണ്ട്.<br>സ്വാതന്ത്ര്യവും ആത്മാഭിമാനവും ഓരോ ജീവിയുടെയും അവകാശമാണ്. |
| പഠനനേട്ടം | വായിച്ചറിഞ്ഞ ആശയങ്ങൾ വാചികരൂപത്തിൽ മികച്ച ഭാഷയിൽ (പ്രയോഗം,ശൈലി,ചൊല്ലുകൾ) പ്രകടിപ്പിക്കുന്നു.<br>ലഘുവിവരണം, വായന, എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.<br>വ്യവഹാര രൂപത്തിനനുയോജ്യമായ ഒഴുക്ക്, ശബ്ദവ്യതിയാനം ഉച്ചാരണശുദ്ധിഎന്നിവയോടെ വായിക്കുന്നു.<br>സർഗാത്മക രചനകളിൽ ഏർപ്പെടുന്നു രചനാപതിപ്പ് നിർമ്മിക്കുന്നു.<br>സ്വന്തം വായനാനുഭവം പങ്കുവെക്കുന്നു.<br>രചനകളിൽ ചിഹ്നം (പൂർണ്ണവിരാമം,ചോദ്യചിഹനം,ആശ്ചര്യ ചിഹ്നം) തിരിച്ചറിയുന്നു ഉപയോഗിക്കുന്നു. |
| വ്യവഹാര രൂപം | സംഭാഷണം , വിവരണം , കഥ |
| ഭാഷാവസ്തുത | പ്രദേശിക ഭാഷ,പ്രയോഗങ്ങൾ,എഡിറ്റിംങ്ങ് |
| സാമഗ്രികൾ | ടീച്ചർ വേർഷൻ സംഭാഷണം,കഥ, വിവരണം – വർക്ക്ഷീറ്റ്-3101 |
| വായനാ സാമഗ്രി | ഞാൻ പക്ഷിനിരീക്ഷകനായതെങ്ങനെ ? 3152<br>വേട്ടകാരനിൽ നിന്ന്- ടി.ടി 3153, ഇട്ടിച്ചിരക്കുട്ടി-കഥ 3151 |

| | |
|---|---|
| പ്രതീക്ഷിത സമയം | 6 മണിക്കൂർ |
| പ്രവർത്തനങ്ങൾ | 1.എത്ര കിളിയുടെ പേരറിയാം 2. വായനയിലേക്ക്3. പദശേഖരം 4. പറയാം,എഴുതാം5. വിശകലനചോദ്യങ്ങൾ6. സന്ദർഭം കണ്ടെത്താം 7. ഭാവാത്മകവായന8. സംഭാഷണം 9. പകരം പ്രയോഗം1 0. ചിത്രം വരക്കാം-അടിക്കുറിപ്പെഴുതാം11. വർക്ക്ഷീറ്റ്12. കഥാരചന 13. എഡിറ്റിംങ്ങ് 14. കഥാപതിപ്പ് 15. കഥാവായന 16. ഒറിഗാമി 17. പക്ഷിക്കൂട് |
| പോസ്റ്റർ | |
| സർഗ്ഗവേള | കഥ പറയൽ, സംഭാഷണം,ചിത്ര പ്രദർശനം,റോൾപ്ലേ, |
| ചുമർപത്രം | കഥ, സംഭാഷണം, ചിത്രങ്ങൾ,വായനാകുറിപ്പ് |
| ദിനാചരണം | സ്വാതന്ത്ര്യ ദിനം - കഥാരചന വിഷയം സ്വാതന്ത്ര്യം |
| സി.പി.ടി.എ | പ്രദർശനം, കഥ, വായനാകുറിപ്പ്,ചിത്രങ്ങൾ,പക്ഷിക്കൂട്, ഒറിഗാമി |

*പ്രവർത്തനങ്ങൾ - സൂക്ഷ്മ പ്രക്രിയ*

1. എത്ര കിളിയുടെ പേരറിയാം (10 മിനുട്ട് )

എത്ര കിളിയുടെ പേരറിയാം ഒന്നുപറഞ്ഞുനോക്കൂ, ഇതിൽ ഏതുകിളിയെയാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടം.

കുട്ടികൾ പ്രതികരിക്കുന്നു : ടീച്ചർ ലിസ്റ്റ് ചെയ്യുന്നു.

തത്ത എന്ന പ്രതികരണത്തിലേക്ക് ചർച്ച ക്രോഡീകരിക്കുന്നു.

## 2. വായനയിലേക്ക് ( 45 മിനുട്ട് )

ടീച്ചർ ഒരു കഥ തുടങ്ങുന്നു.

റഹീം 3 ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണ്. അവന് തത്തയെ വളരെ ഇഷ്ടമാണ്. സ്കൂൾ വിട്ടാൽ അവൻ ആരെയും കാത്തു നിൽക്കില്ല,എന്താകാരണം ? അവനെ കാത്ത് ഒരു തത്ത വീട്ടിൽ ഉണ്ട്. അവനെ ദൂരത്തു കണ്ടാൽ തന്നെ തത്ത പല തരം ശബ്ദങ്ങളുണ്ടാക്കി സ്നേഹം പ്രകടിപ്പിക്കും. അവൻ ചായ കുടിക്കുന്നതിനു മുമ്പ് തന്നെ തത്തക്കുള്ള പാലും പഴങ്ങളും കൊടുക്കും. അങ്ങനെ നാളുകൾ കഴിഞ്ഞു. ഒരു ദിവസം അവനെത്തുമ്പോൾ കൂടുതുറന്നു കിടക്കുന്നു തത്തയെ കാണാനില്ല.

എന്താണ് സംഭവിച്ചത് ?

കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

യഥാർത്ഥ കാര്യം എങ്ങനെ കണ്ടെത്താം

വായനയിലേക്ക്,

വ്യക്തിഗത വായന ( 10 മിനുട്ട് )

കണ്ടെത്തൽ അവതരണം
അഭിപ്രായങ്ങൾ രേഖപെടുത്തുന്നു.
ആദ്യം എഴുതിയതുമായി താരതമ്യം ചെയ്യുന്നു.
വ്യത്യാസം കണ്ടെത്തുന്നു,
കുട്ടികളെ അഭിനന്ദിക്കുന്നു.
ടീച്ചർ ചോദ്യമുയർത്തുന്നു.
എല്ലാവർക്കും തത്തയുടെ അവസ്ഥ കണ്ടെത്താൻ കഴിഞ്ഞോ ?
എല്ലാവർക്കും കഴിയേണ്ടേ ?
എന്തുകൊണ്ടാണ് എല്ലാവർക്കും കഴിയാത്തത് ?
വായിക്കാനറിയില്ല, ആശയം ഗ്രഹിക്കാൻ കഴിയുന്നില്ല, പ്രയോഗങ്ങളുടെ അർത്ഥം, അപരിചിത വാക്കുകൾ
എങ്കിൽ എങ്ങനെ ഇതറിയാൻ കഴിയും.
വീണ്ടും വായന (വ്യക്തിഗതം)
അറിയുന്നത് (✓) അറിയാത്തത്(☒) ഇഷ്ടപ്പെട്ടത് (-) പെൻസിൽ കൊണ്ട് ചിഹ്നങ്ങൾ രേഖപെടുത്തുന്നു.
തുടർന്ന് മൂന്ന് അംഗ ഗ്രൂപ്പിൽ ഇഷ്ട്ടപെട്ടത് ,അറിയുന്നത്, അറിയാത്തത് എന്ന ക്രമത്തിൽ ഓരോരുത്തരും അവതരിപ്പിക്കുന്നു. ഇഷ്ട്ടപെട്ടത് എല്ലാവരും അവതരിപ്പിച്ചശേഷം അടുത്തവ എന്നരീതിയിൽ. അവതരണ സമയത്ത് പുതിയ പദങ്ങൾ നോട്ട്ബുക്കിൽ ചേർക്കണം.തുടർന്ന് ഗ്രൂപ്പുകൾ അവതരണം.ടീച്ചറുടെ ക്രോഡീകരണം എന്നിവ നടക്കണം.

## 3. പദശേഖരം (ഒഴിവുസമയം)

പുതിയ പദങ്ങൾ,പ്രയോഗങ്ങൾ, ശൈലികൾ കുട്ടികൾ നോട്ടുപുസ്തകത്തിൽ എഴുതുന്നു. ഒഴിവുസമയങ്ങളിൽ ഇവ ഉപയോഗിച്ച് ഭാഷാകേളികളിൽ ഏർപെടണം.പദങ്ങളുടെ ശേഖരം വായനാപ്രക്രിയയുടെ ഭാഗമായി നടക്കുന്നു എന്നുറപ്പാക്കണം.

## 4. പറയാം എഴുതാം (15 മിനുട്ട്)

ടീച്ചർ പാഠപുസ്തകത്തിലെ പറയാം എഴുതാം എന്ന ചോദ്യം വായിക്കാൻ ആവശ്യപ്പെടുന്നു.
എന്താണ് ചെയ്യേണ്ടത് കുട്ടികളുടെ പങ്കാളിത്തത്തോടെ കണ്ടെത്തുന്നു.
കുട്ടിക്ക് തത്തയെ കുറിച്ചുള്ള മോഹം എന്തായിരുന്നു?
കൂട്ടിൽ കിടന്ന തത്തക്കുഞ്ഞ് ചിറകടിച്ചു ബഹളം വെച്ചു തത്തക്കുഞ്ഞിന്റ വിഷമങ്ങൾ എന്തെല്ലാം?
വ്യക്തിഗതമായി എഴുതുന്നു. ചെറിയ ഗ്രൂപ്പിൽ (3/4 അംഗം )
അവതരണം - ഗ്രൂപ്പിൽ എല്ലാവരും എഴുതി എന്നുറപ്പാക്കണം. (ഗ്രൂപ്പു നിയമം- ലീഡർ വേണം , ഗ്രൂപ്പിലെ എല്ലാവരും അവതരിപ്പിക്കണം. ഗ്രൂപ്പിലെ എല്ലാവരും അവതരിപ്പിക്കുമ്പോഴാണ് ഗ്രൂപ്പ് മികച്ചതാവുന്നത്.

## 5. വിശകലന ചോദ്യങ്ങൾ

വിശകലന ചോദ്യങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. വ്യക്തിഗത മായി വായിച്ച് ഉത്തര മെഴുതുന്നു.(30 മിനുട്ട്)

1. ഒരു ദിവസം സ്കൂൾ വിട്ട് വന്നപ്പോൾ തത്തയെ കാണാനില്ല.ആ കുട്ടി നിങ്ങളായിരുന്നെങ്കിൽ അമ്മയോട് എന്തെല്ലാം ചോദിക്കും.
2. തത്തക്കുഞ്ഞ് എങ്ങനെ യായിരിക്കും രക്ഷപ്പെട്ടത് ? നിങ്ങളുടെ ഊഹമെന്ത്?
3. അമ്മയാണ് തത്തയെ തുറന്നു വിട്ടത് എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?എന്തു കൊണ്ട്?
4. തത്തയെ കൂട്ടിലടച്ചുപോറ്റുന്നതിനോട് നിങ്ങൾക്ക് യോജിപ്പുണ്ടോ ? എന്തു കൊണ്ട് ?

5. നീ അതിനെയങ്ങു തുറന്നു വിട്ടേര് ഈ വാക്യം നിങ്ങളുടെ പ്രദേശത്ത് എങ്ങനെ യാണ് പറയുക. മാറ്റം എന്തുകൊണ്ട്?

മൂന്നംഗ ഗ്രൂപ്പിൽ കുട്ടികൾ ഓരോ ചോദ്യത്തിന്റെ ഉത്തരം വായിച്ച് ചർച്ച ചെയ്യുന്നു. മെച്ചപെടുത്തി എല്ലാവരും എന്റെ ഭാഷാപുസ്തകത്തിൽ എഴുതി എന്നുറപ്പാക്കണം.

പൊതു അവതരണം- ചർച്ച - മെച്ചപ്പെടുത്തുന്നു. ടീച്ചർവേർഷൻ ചാർട്ടിൽ എഴുതി അവതരണം

1. എങ്ങനെയാണ് തത്ത കൂടുവിട്ടുപോയത് ?
   എങ്ങനെ അതിനെ തിരിച്ചു കിട്ടും ?
   തത്തയെ കണ്ടുപിടിക്കാൻ ആരാണ് സഹായിക്കുക ?
2. തത്തക്കുഞ്ഞിന്റെ അച്ഛനും അമ്മയും ഭക്ഷണവുമായി വരാറുണ്ട്. മക്കളുടെ പ്രയാസം കണ്ട് രക്ഷപെടുത്തിയതാവാം, അല്ലെങ്കിൽ രാവിലെ കൃത്യമായി കൂടു പൂട്ടാത്തതുകൊണ്ടാവാം.
3. അമ്മക്ക് തത്തയെ കൂട്ടിലിടുന്നത് ഇഷ്ടമല്ല. പലപ്പോഴും അതിനെ തുറന്നു വിടാൻ പറഞ്ഞിട്ടുണ്ട്.മകൻ ആകാംക്ഷയോടെ തത്തയെ കുറിച്ച് ചോദിക്കുമ്പോഴും അമ്മ മകനെ ശ്രദ്ധിക്കാതെ അടുക്കളയിലേക്കുപോയിഇത് അമ്മയുടെ മനോഭാവമാണ് വ്യക്തമാക്കുന്നത്. എന്നാൽ അമ്മയാണ് തുറന്നുവിട്ടത് എന്നതിന് മറ്റു തെളിവുകളില്ല.
4. ഇല്ല.പാരതന്ത്ര്യം ഒരു ജീവിയും ആഗ്രഹിക്കുന്നില്ല സ്വതന്ത്ര മായി വിഹരിക്കാനാണ് താത്പര്യം അതിന് അനുവദിക്കണം .
5. നീ അതിനെയങ്ങ് തുറന്നുവിടൂ (കുട്ടികൾക്ക് അവരുടെ ഭാഷയിൽ പറയുവാനവസരം നൽകണം.)പ്രാദേശികമായ ഭാഷാസൗന്ദര്യമാണ് ഇവിടെ കാണുന്നത് ഈ വാക്യം കാസർകോഡ് മുതൽ തിരുവനന്തപുരം വരെയുള്ളവർ പറയുന്ന രീതി കണ്ടെത്തുന്നത് രസകരമായിരിക്കും ഇത് ഗൃഹപാഠമായി നൽകാം

ഗ്രൂപ്പിന്റെ രചനയുമായി താരതമ്യം ചെയ്യുന്നു. എന്തെല്ലാം സാമ്യ വ്യത്യാസങ്ങൾ ചർച്ച ക്രോഡീകരണം

## 6.സന്ദർഭം കണ്ടെത്തൽ കളി (20 മിനുട്ട് )

കുട്ടികളെ 5 ഗ്രൂപ്പുകളാക്കുന്നു. പാഠം വായിച്ച് അതിലെ സവിശേഷപ്രയോഗങ്ങൾ ശൈലികൾ സന്ദർഭങ്ങൾ എന്നിവ കണ്ടെത്തണം (ഉദ: കൂടെക്കൂടെ,ഇടയ്ക്കിടയ്ക്ക്, ചാടിച്ചാടി )
ഓരോ ഗ്രൂപ്പും ഒരു പ്രയോഗം/ശൈലി / സന്ദർഭം പറയണം മറ്റു ഗ്രൂപ്പുകൾ അത് കണ്ടെത്തണം. കൂടുതൽ വേഗത്തിലും ഗ്രൂപ്പിലെ എല്ലാവരും കണ്ടെത്തുന്ന ഗ്രൂപ്പ് മികച്ച ഗ്രൂപ്പ്. ഇതൊരു മത്സരമായും നടത്താം .

## 7.ഭാവാത്മകവായന

കുട്ടികളെ ജോഡികളാക്കുന്നു ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനം വരുത്തി പാഠഭാഗം വായിക്കണം.
വ്യക്തത,ഒഴുക്ക്, ഭാവം ഈ സൂചകങ്ങൾ വെച്ച് പരസ്പരം വായിക്കുകയും വിലയിരുത്തുകയും വേണം
തുടർന്ന് ടീച്ചറുടെ വായന.

## 8.സംഭാഷണം (30 മിനുട്ട്)

പാഠപുസ്തക പേജ് 25 ലെ പ്രവർത്തനം കുട്ടികൾവായിക്കട്ടെ.
എന്തു മനസിലായി കുട്ടികൾ പ്രതികരിക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു.
സംഭാഷണം തയ്യാറാക്കേണ്ട സന്ദർഭം ചർച്ച ചെയ്യുന്നു.

കുട്ടികളെ മൂന്നംഗ ഗ്രൂപ്പുകളാക്കുന്നു, ഒരാൾ തത്തക്കുഞ്ഞ്, രണ്ടാമൻ അമ്മ, മൂന്നാമൻ അച്ഛൻ. കൂട്ടിൽ കഴിയുന്ന തത്തക്കുഞ്ഞിനെ അച്ഛനും അമ്മയും ചേർന്ന് തീറ്റ കൊണ്ടുവന്നു കൊടുക്കുന്നതാണ് സന്ദർഭം അവർ തമ്മിൽ പറയാൻ സാധ്യതയുള്ള സംഭാഷണമാണ് കുട്ടികൾ പറയേണ്ടത്. ആദ്യ ഘട്ടം അവർ റോൾ നിശ്ചയിക്കുന്നു. സംഭാഷണം പറയുന്നു, ചില ഗ്രൂപ്പുകൾ പറഞ്ഞ് അവതരിപ്പിക്കുന്നു.

മൂന്നോ നാലോ ഗ്രൂപ്പ് അവതരണത്തിനു ശേഷം
മികച്ച സംഭാഷണത്തിന്റെ സവിശേഷത ചർച്ച. കുട്ടികളുടെ പ്രതികരണത്തിൽ നിന്നും സൂചകം വികസിപ്പിക്കണം .

- പരസ്പരബന്ധം..
- തുടർച്ച.
- സ്വാഭാവിക പ്രതികരണങ്ങൾ.
- വൈകാരികമായ ഭാഷ.

വ്യക്തിഗതമായി സംഭാഷണം പൂർണ്ണമായും നോട്ടുപുസ്തകത്തിൽ എഴുതണം, ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപെടുത്തണം. ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം,പാഠ പുസ്തകത്തിൽ എഴുതുന്നു.
സൂചകങ്ങൾ വെച്ച് പരസ്പരം വിലയിരുത്തണം. മികച്ചവ കണ്ടെത്തണം.
തുടർന്ന് ടീച്ചർ വേർഷൻ അവതരണം (ചാർട്ട്,ഫോട്ടോകോപ്പി)
കുട്ടികൾ സൂചകം വെച്ച് വിലയിരുത്തുന്നു.
മികവുകൾ കണ്ടെത്തി അവതരണം
തന്റെ രചനയുമായി താരതമ്യം ചെയ്ത് മെച്ചപെടുത്തുന്നു.
ഭാഷാപുസ്തകത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

### 9. പകരം പ്രയോഗം (20 മിനുട്ട് )

കുഞ്ഞിത്തത്തയെ നിങ്ങൾക്കിഷ്ടമായോ? അതിനെ കൂട്ടിലടക്കണമെന്ന് തോന്നുന്നില്ലെങ്കിലും അതിന്റെ സാമീപ്യവും ഭംഗിയും നമുക്കിഷടമാണ്. എങ്കിൽ ഒരു ദിവസം സ്കൂൾ വിട്ട് വീട്ടിലെത്തുമ്പോൾ ഉമ്മറത്ത് ഒരു പച്ചപ്പനംതത്ത നിങ്ങളെ കാത്തിരിക്കുന്നു. ആ തത്തയെ കുറിച്ച് നിങ്ങൾക്ക് എന്താണ് എഴുതാനുള്ളത്.എഴുതിനോക്കൂ.(5 മിനുട്ട്) പെട്ടെന്ന്.
ടീച്ചറോട് : മികച്ച രചനയും ഓരോ വാക്യവും തത്ത എന്നാരംഭിക്കുന്ന രചനയും കണ്ടെത്തുന്നു.
അവ ചാർട്ടിലോ ബോർഡിലോ എഴുതുന്നു.
(എഴുതിയ കുട്ടിയുടെ പേര് സൂചിപ്പിക്കരുത്)
ഉദാ :

**ഒന്ന്**
എനിക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. ഞാനറിയാതെ പറഞ്ഞു പോയി തത്ത .. എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല.ഞാനതിന്റെ അടുത്തേക്കുപോയി. അപ്പോൾ അത് പാറി എന്റെ തോളിലിരുന്നു. ഒരു തത്തയെ ഇത്ര അടുത്ത് ഞാനാദ്യമായാണ് കാണുന്നത്. അടുത്ത നിമിഷം അത് വീടിനുമുന്നിലുള്ള തെങ്ങിന്റെ പൊത്തിലേക്കു പാറി പറന്നു പോയി.

**രണ്ട്**
തത്തയെ കണ്ടപ്പോൾ എനിക്ക് സന്തോഷമായി. തത്തയുടെ ചുമന്ന കൊക്കും, പച്ച ഉടലും എനിക്കിഷ്ടമായി. തത്തയെ സ്വന്തമാക്കണമെന്നു തോന്നി തത്തക്ക് പാലും പഴവുമെടുക്കാൻ അകത്തേക്കുപോയി. തിരിച്ചു വന്നപ്പോൾ തത്തയെ കണ്ടില്ല.

ഈ രണ്ടു രചനകളും വായിച്ച് സാമ്യവ്യത്യാസങ്ങൾ ചർച്ചചെയ്യുക. തത്തയെ കുറിച്ചുള്ള ഈ ലഘു അനുഭവക്കുറിപ്പിൽ നിങ്ങളുടെ കണ്ടെത്തലുകൾ എഴുതുക. ഒന്നാമത്തെതിൽ തത്ത എന്നതിനു പകരമായി പദങ്ങൾ (അത്,അതിന്റെ) ഉപയോഗിച്ചിരിക്കുന്നു. രണ്ടാമത്തെ രചനയിൽ എല്ലാ വാക്യ ത്തിലും തത്തഎന്നാണ് തുടങ്ങുന്നത്.ഏതു രചനയാണ് കൂടുതൽ മികച്ചത്? എന്തുകൊണ്ട് ?

*ഒരേ പദം ആവർത്തിക്കുന്നത് വായനാസുഖം കുറയ്ക്കും.*
*ഈ ദോഷം പരിഹരിക്കാൻ പകരം പദങ്ങൾ ഉപയോഗിക്കേണ്ടതാണ്.*

ഇനി നിങ്ങളുടെ രചന പരിശോധിച്ച് (വ്യക്തിഗതം,ഗ്രൂപ്പ്) പകരംപദം പ്രയോഗിക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്തുക. മറ്റു ഉദാഹരണങ്ങൾ തുടർപാഠങ്ങളിൽ പ്രയോജനപ്പെടുത്തുക.

## 10. ചിത്രം വരക്കാം അടിക്കുറിപ്പെഴുതാം

ഈ കഥ വായിച്ചാലെന്തെല്ലാം ചിത്രങ്ങളാണ് നിങ്ങളുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നത്.

- തെങ്ങിൻതോപ്പിലെ കൊന്നതെങ്ങിൽ കയറി തത്തക്കുഞ്ഞിനെ എടുക്കുന്ന ആൾ കുട്ടികൾ താഴെ ആർത്തു ചിരിക്കുന്നു.
- ഇരുമ്പുകൂട്ടിൽ തത്ത ചിറകടിച്ചു ബഹളം വെക്കുന്നു.കുട്ടികൾ പാലും പഴവും കൊടുക്കുന്നു.
- തത്തയുടെ മാതാപിതാക്കൾ പഴങ്ങളുമായി വന്ന് കുഞ്ഞിനു നൽകുന്നു. കുട്ടികൾ ദൂരെനിന്നു കാണുന്നു.
- അമ്മ തത്തക്കൂടിനടുത്ത് മുറ്റടിക്കുന്നു.കുട്ടികളോട് സംസാരിക്കുന്നു.
- പാടവരമ്പിലൂടെ പനയോലയുമായി വരുന്ന കുട്ടി
- തത്തയുടെ മാതാപിതാക്കൾ കൂടുകൊത്തിതുറന്ന് കുഞ്ഞിനെയും കൊണ്ട് പറക്കുന്നു.
- തുറന്നകൂട് , കുട്ടി , അമ്മ

കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു.

പൊതുവായി അവതരണം. ചിത്രസാധ്യതയുള്ളവ ടീച്ചർ ബോർഡിൽ എഴുതുന്നു.

(കുട്ടികൾ വേണ്ടത്ര പറഞ്ഞില്ലെങ്കിൽ ഇവ കൂട്ടിചേർക്കാം. കലാപഠനത്തിന്റെ കൂടി ഭാഗമായ പ്രവർത്ത നമാണിത് )

- ആശയവുമായുള്ള ബന്ധം
- രചനയുടെ മികവ്
- വർണ്ണങ്ങളുടെ ഉപയോഗം

ഓരോരുത്തരും അവർക്ക് ഇഷ്ടപെട്ട കഥാസന്ദർഭം തിരഞ്ഞെടുക്കുന്നു. വ്യക്തിഗതമായി ചിത്രര ചന (ഗൃഹപാഠം).അടുത്ത ദിവസം ഒരേ ചിത്രം വരച്ചവർ കൂടിയിരുന്ന് അവതരണം മെച്ചപ്പെടു ത്തൽ..വിലയിരുത്തൽ സൂചകം തയ്യാറാക്കുന്നു.

സൂചകങ്ങളുപയോഗിച്ച് സ്വയം പരസ്പരവിലയിരുത്തൽ

തുടർന്ന് ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതണം

അടിക്കുറിപ്പ് വിലയിരുത്താനുള്ള സൂചകം ചർച്ചയിലൂടെ തയ്യാറാക്കുന്നു.

- ലളിതമായിരിക്കണം
- രണ്ടോ മൂന്നോ വാക്കുകളിലൊതുങ്ങണം
- ആശയവുമായുള്ള ബന്ധം
- ആകർഷകത്വം

സൂചകങ്ങൾചൊല്ല് വിലയിരുത്തുന്നു.മെച്ചപെടുത്തുന്നു,ചിത്രപതിപ്പ് തയ്യാറാക്കുന്നു.

**10.വർക്ക്ഷീറ്റ് - സംഭാഷണം**

കുഞ്ഞിതത്ത ഇരുമ്പുകൂട്ടിൽ നിന്നും രക്ഷപെട്ടു.തന്റെ ഇരുമ്പുകൂട്ടിലെ ജീവിതത്തെകുറിച്ച് അച്ഛനും അമ്മയും എന്തെല്ലാം അന്വേഷിച്ചുകാണും. അവക്ക് തത്തകുഞ്ഞിന്റെ മറുപടിയോ? സംഭാഷണമെഴുതൂ.

*വർക്ക്ഷീറ്റ് 3101– വ്യക്തിഗതമായി നൽകുന്നു. എഴുതട്ടെ തുടർന്ന് ഗ്രൂപ്പിൽ വായിച്ച് അവതരണം. മെച്ചപ്പെടുത്തൽ. പൊതു അവതരണം സൂചകം വെച്ച് വിലയിരുത്തൽ മെച്ചപെടുത്തൽ ടീച്ചർ വേർഷൻ അവതരണം വിലയിരുത്തൽ താരതമ്യം മെച്ചപ്പെടുത്തൽ.*

**12. കഥാരചന**

തെങ്ങിന്റെ പൊത്തിൽ നിന്നും എടുത്ത് ഇരുമ്പുകൂട്ടിൽ നിന്നും രക്ഷപെടുന്നതു വരെയുള്ള ഭാഗമാണ് പാഠ ഭാഗത്തിലുള്ളത്. അതിനുമുമ്പും അതിനുശേഷവും തത്തക്കുഞ്ഞിന്റെ കഥ എന്തായിരിക്കും.ക്ലാസിലെ കുട്ടികളെ 2 ഗ്രൂപ്പാക്കുന്നു.ഒരു ഗ്രൂപ്പ് മുമ്പത്തെകഥയും മറ്റേഗ്രൂപ്പ് ശേഷം എന്തുസംഭവിച്ചു എന്നും എഴുതണം. ആദ്യ സംഭവങ്ങൾ 2 ഗ്രൂപ്പും തയ്യാറാക്കി അവതരണം.

**പൊത്തിൽ നിന്നും കണ്ടെടുക്കുന്നതിനു മുമ്പ്**

- താമസസ്ഥലമില്ലാതെ വിഷമിച്ചത്
- ഒടുവിൽ പൊത്തുണ്ടാക്കിയത്
- അച്ഛനും അമ്മയും അനുഭവിച്ച പ്രയാസം
- നെൽകതിരുകളും പഴങ്ങളും ശേഖരിക്കാൻ പോകുന്നത്.
- വരാൻ വൈകിയത് - കാറ്റും മഴയും

**ഇരുമ്പുകൂട്ടിൽ നിന്നും രക്ഷപെട്ട ശേഷം**

- രക്ഷപെട്ട കഥ
- സ്വാതന്ത്ര്യത്തിന്റെ അനുഭവങ്ങൾ
- പുതിയ കൂട്ടുകാർ, പുതിയ ആകാശം
- അച്ഛനും,അമ്മക്കും പ്രായമായി
- അവരെ സംരക്ഷിക്കൽ
- തെങ്ങ് മുറിച്ചുമാറ്റി - പുതിയ കൂടുതേടൽ

ചർച്ചക്കുശേഷം കുട്ടികൾ വ്യക്തിഗതമായി കഥ എഴുതുന്നു. സ്വയം വായിച്ച് മെച്ചപ്പെടുത്തൽ.
എങ്ങനെ മെച്ചപ്പെടുത്തും - സൂചകങ്ങൾ വികസിപ്പിക്കൂ.

- മികച്ച തുടക്കവും ഒടുക്കവും
- ഭാവനാത്മക മായ രചന
- ആശയവുമായ ബന്ധം
- അനുയോജ്യമായ തലക്കെട്ട്

തുടർന്ന് ഗ്രൂപ്പിൽ ഓരോരുത്തരും അവതരിപ്പിക്കുന്നു.വിലയിരുത്തൽ -
ചർച്ച - മെച്ചപെടുത്തൽ പൊതുസഅവതരണം.
സൂചകം വെച്ച് മറ്റു ഗ്രൂപ്പുകൾ വിലയിരുത്തൽ മെച്ചപ്പെടുത്തൽ. ടീച്ചർ വേർഷൻ അവതരണം - (ചാർട്ട്/ഫോട്ടോകോപ്പി)

**സ്വാതന്ത്ര്യത്തിന്റെ മധുരം**

ആ നല്ല നാളുകൾ ഓർക്കുമ്പോൾ സന്തോഷം കൊണ്ട് തുള്ളിച്ചാടിപ്പോകും. മാനം മുട്ടെ ഉയർന്നു നിൽക്കുന്ന കൊന്ന തെങ്ങിന്റെ പൊത്തിൽ അമ്മയുടെ ചിറകിനടിയിൽ ചൂടേറ്റുകിടന്നദിനങ്ങൾ. സൂര്യകിരണങ്ങൾ ഞങ്ങളുടെ കൊച്ചു വീട്ടിലേക്ക് എത്തിനോക്കുമ്പോൾ അച്ഛനും ,അമ്മയും ,തീറ്റതേടിപോകും എന്തെല്ലാം രുചികരമായ പഴങ്ങളാണെന്നോ അവർ കൊണ്ടുവന്നിരുന്നത്. അവ രണ്ടു പേരും മാറി മാറി എന്റെ വായിൽ വെച്ചുതരും.ഞാനത് ആസ്വദിച്ച് കഴിക്കുന്നത് കണ്ട് അവർ പരസ്പരം നോക്കി സന്തോഷം പങ്കുവെക്കും.

അന്നും പതിവുപോലെ അവർ തീറ്റതേടി പോയിരുന്നു. കാറ്റിൽ കൊന്നതെങ്ങ് ആടി ഉലയുന്നപോലെ തോന്നി. ഞാൻ പേടിച്ച് പൊത്തിൽ തന്നെയിരുന്നു. അപ്പോഴതാ ഒരു കൈ എന്റെ നേരെ നീണ്ടു വരുന്നു.കരഞ്ഞെച്ചവെച്ചു എന്തു ഫലം അപ്പോഴേക്കും തെങ്ങുകയറ്റക്കാരന്റെ കൈയ്യിൽ ഞാനകപ്പെട്ടിരുന്നു.

ഒടുവിൽഞാനാ വീട്ടിലെ ഇരുമ്പുകൂടിനുള്ളിലായി.ആവീട്ടിലെ കുട്ടി എനിക്ക് പാലും പഴവും തന്നു. എന്റെ അടുത്ത് വന്ന് ഏറെ നേരം എന്തൊക്കെയോ പറയും. അവർക്കെല്ലാർക്കും എന്നെ വലിയ ഇഷ്ടമായിരുന്നു. പക്ഷെ സ്വാതന്ത്ര്യമില്ലാത്ത ജീവിതം എന്നെ കൊണ്ട് സംസാരിപ്പിക്കാൻ അവർ ഏറെ ശ്രമിച്ചു.പനയോലതിന്നാൻ തന്നു എന്റെ നാക്കിന്റെ കനം കുറക്കാൻവേണ്ടിയാണു പോലും ഒരു ദിവസം എന്റെ അച്ഛനും ,അമ്മയും എന്നെ കാണാൻ വന്നു. എന്റെ സന്തോഷത്തിനതിരില്ലായിരുന്നു. പക്ഷെ കൂട്ടിലാണെന്ന സത്യം എന്നെ വേദനിപ്പിച്ചു. അവർ കുഞ്ഞിന്റെ ആഹാരത്തെകുറിച്ചും വീട്ടുകാരെ കുറിച്ചും അന്വേഷിച്ചു. അവർ കൊണ്ടുവന്ന മധുരപഴങ്ങൾ കമ്പികൾക്കിടയിലൂടെ കൊടുത്തു. ഒരു ദിവസം നിന്നെ ഞങ്ങൾ കൊണ്ടു പോവുമെന്ന് അവനുറപ്പു നൽകി.

ഒരു ദിവസം മകൻ സ്കൂളിൽ പോയ സമയത്ത് വീട്ടിലെ അമ്മ പാലും പഴവുമായി വന്നു. ഇരുമ്പുകൂടിന്റെ വാതിൽ പതുക്കെ തുറന്നു വെച്ചു.ഇതെല്ലാം കണ്ട് എന്റെ അമ്മയും അച്ഛനും അടുത്തുള്ള മരക്കൊമ്പിൽ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ 3 പേരും ചേർന്ന് സ്വാതന്ത്രത്തിന്റെ ആകാശത്തിലേക്ക് പറന്നുയർന്നു.

കുട്ടികൾ ടീച്ചർ വേർഷൻ വായിച്ചശേഷം

സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു.

സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു.

മെച്ചപ്പെടുത്തുന്നു.

## 13. എഡിറ്റിംങ്ങ് (40 മിനിറ്റ്)

ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിങ്ങിനായി തിരഞ്ഞെടുക്കുന്നു. ചാർട്ടിലെഴുതിയത് പ്രദർശിപ്പിച്ച് അപഗ്രഥന ചോദ്യങ്ങളിലൂടെ എഡിറ്റ് ചെയ്യുക.

**ആശയം**

- ആശയങ്ങൾ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടോ ?
- കഥയുമായി ബന്ധമില്ലാത്ത ആശയം വന്നിട്ടുണ്ടോ ?
- ഒഴിവാക്കേണ്ട ആശയം ഉണ്ടോ ?

**വാക്യ ഘടന**

- വാക്കുകളുടെ ക്രമം തെറ്റായി എഴുതിയിട്ടുണ്ടോ ?
- വാക്കുകൾ വിട്ടുപോയിട്ടുണ്ടോ ?
- വാക്കുകൾ അധികമായി ചേർന്നിട്ടുണ്ടോ?

**പദം**

- അനുയോജ്യമായ പദങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടോ?
- അർത്ഥ വ്യത്യാസം വരുന്ന പദങ്ങൾ ഉണ്ടോ ?
- ഒഴിവാക്കേണ്ട പദങ്ങൾ ഉണ്ടോ?

**അക്ഷരം**

അക്ഷരം ചിഹ്നം എന്നിവ ശരിയായി എഴുതിയിട്ടുണ്ടോ ?

പദങ്ങൾ,അക്ഷരങ്ങൾ,വാക്യം എന്നിവ അകലം പാലിച്ച് എഴുതിയിട്ടുണ്ടോ?

ചിഹ്നം ശരിയായി ഉപയോഗിക്കാൻ ശ്രമിച്ചിട്ടുണ്ടോ?

**വ്യവഹാരരൂപം**

കഥയുടെ സവിശേഷതകൾ പാലിച്ചിട്ടുണ്ടോ?

(നല്ല തുടക്കം ഒടുക്കം, ഭാവന, തലക്കെട്ട്..)

എഡിറ്റിങ്ങിനു ശേഷം സ്വന്തം രചന മെച്ചപെടുത്തുക

## 14. കഥാപതിപ്പ്

കുട്ടികൾ തയ്യാറാക്കിയ കഥ ടീച്ചർ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള ഗുണാത്മക നിർദേശങ്ങൾ എഴുതുന്നു. കുട്ടികൾ മെച്ചപ്പെടുത്തിയ ശേഷം എല്ലാവർക്കും എ4 ഷീറ്റ് നൽകുന്നു. ആവശ്യമായ ചിത്രം, അതിരുകൾ(ബോർഡർ) എന്നിവ വരച്ച് നന്നായി പേജ് ക്രമീകരിച്ച് ടീച്ചറെ ഏൽപ്പിക്കണം. ക്ലാസിൽ കഥാപതിപ്പ് തയ്യാറാക്കുന്നതിന് എഡിറ്റോറിയൽ ബോർഡ് ക്രമീകരിക്കുന്നു. ലഭിച്ച കഥ കൾ എഡിറ്ററെ ഏൽപ്പിക്കുന്നു. അടുത്ത സർഗ്ഗ വേദിയിൽ പതിപ്പ് പ്രകാശനം ചെയ്യുന്നു.

### കഥാപതിപ്പ് തയ്യാറാക്കുമ്പോൾ -

- പത്രാധിപ സമിതി രൂപീകരണം
- കഥാപതിപ്പിന് പേര് നിശ്ചയിക്കണം
- കവർചിത്രം (കുട്ടികൾ) തയ്യാറാക്കണം
- ലഭിച്ച കഥകളെ വിലയിരുത്തി ടീച്ചറുടെ അവതാരിക
- കഥകൾക്ക് അനുയോജ്യമായ ചിത്രം വരക്കണം
- ബൈന്റിംങ്ങ്
- പ്രകാശന ചടങ്ങ്

**15. കഥാവായന –** ഇട്ടിച്ചിരക്കുട്ടി 3151 ഇവിടെ ..

ഈ ഭാഗം ഡി.ടി.പി ചെയ്ത് വായനക്കു നൽകുന്നു.(ഗൃഹപാഠം)
കുറിപ്പ് തയ്യാറാക്കി അവതരണം.
കഥാവതരണം സർഗ്ഗവേദിയിൽ.
വായനാനുഭവം പങ്കുവെയ്ക്കൽ.- ചർച്ച.



## 16. ഒറിഗാമി

പേപ്പർ ഉപയോഗിച്ച് സ്വതന്ത്രമായി കുട്ടികൾ
പക്ഷികളെ ഉണ്ടാക്കുക. മികച്ചവ പരസ്പരം പഠിപ്പിക്കുന്നു.
നിറമുള്ളപേപ്പർ, കളർപെൻസിൽ ഉപയോഗിച്ച് ഭംഗിയാക്കാം.
മികച്ചവ പ്രദർശിപ്പിക്കുന്നു.

## 17. പക്ഷിക്കൂട്

തെർമോകോൾ, ഈർക്കിൾ ഉപയോഗിച്ച് പക്ഷിക്കൂട് ഗ്രൂപ്പിൽ തയ്യാറാക്കുന്നു. പ്രദർശനം-മികച്ച ഗ്രൂപ്പിനെ കണ്ടെത്തുന്നു. അംഗീകരിക്കുന്നു.